

# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686038 KERALA • PHONE : 8234

വാല്യം 6 | 1989 ഏപ്രിൽ 28 | ലക്കം 14

## വാർഷികവും, യാത്രയയപ്പ് സമ്മേളനവും നടത്തി

കോട്ടയം: എം. ഡി. സെമിനാരി ഹൈസ്കൂളിന്റെ 96-ാം വാർഷികവും രക്ഷകർത്തൃദിനവും, ഇക്കൊല്ലം വിരമിക്കുന്ന അദ്ധ്യാപകർക്ക് യാത്രയയപ്പും ഫെബ്രുവരി 28-ന് സംയുക്തമായി നടത്തി.

പ: ബസേലിയോസ് മാർ ത്തോമാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ ജോസഫ് മാർ പക്കോമിയോസ്

(ശേഷം 6-ാം പേജിൽ)

# വൈദിക റിഫ്രഷർ കോഴ്സ് മെയ് 15-ന് ആരംഭിക്കും

സ്റ്റാഫ് എഡിറ്റർ

കോട്ടയം: വൈദികസംഘത്തിന്റെയും വൈദികസെമിനാരിയുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തിവരുന്ന വൈദികരുടെ റിഫ്രഷർ കോഴ്സ് കോട്ടയം പഴയ സെമിനാരിയിലെ സോഫിയാസെന്ററിൽ മെയ് 15 മുതൽ 19 വരെ തീയതികളിൽ നടക്കും.

വിശ്വാസപരവും ആനുകാലികപ്രാധാന്യവുമുള്ള വിഷയങ്ങളായിരിക്കും ഈ കോഴ്സിലെ ക്ലാസുകൾക്ക് ക്രമീകരിച്ചിട്ടുള്ളത്. വിഷയങ്ങളെക്കുറിച്ചുള്ള ആഴമായ പഠനമാണ് ഇവിടെ നടക്കുക.

വൈദികസെമിനാരി അദ്ധ്യാപകരായിരിക്കും ക്ലാസുകൾക്ക് നേതൃത്വം നൽകുന്നത്. ക്ലാസുകളിൽ പങ്കെടുക്കുന്നവർക്ക് കോഴ്സ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതാണ്.

താല്പര്യമുള്ള വൈദികർ ഫാ. ഡോ. എം. എ. മത്തായി, വൈദികസംഘം സെക്രട്ടറി, ഓർത്തഡോക്സ് സെമിനാരി, കോട്ടയം-1 എന്ന വിലാസത്തിൽ മുൻകൂറായി പേര് റജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്.

രജിസ്ട്രേഷൻ ഫീസ് 25 രൂപാ ആയിരിക്കും.

## പള്ളി അച്ചന്റെ സ്വകാര്യ സ്വത്തോ

വിദേശത്തുള്ള പള്ളിയിലെ ഒരച്ചൻ പരിശുദ്ധ ബാവാ തിരുമനസിലെ പേർക്ക് ഇങ്ങനെ എഴുതി. സഭയുടെ ആവശ്യത്തിലേയ്ക്കാണെങ്കിലും പരിശുദ്ധ ബാവാ ഇനി ഇവിടേയ്ക്ക് കല്പനയുമായി ആളെ വിടുന്നത് നിരുത്സാഹപ്പെടുത്തണമെ എന്ന്. പരിശുദ്ധബാവായുടെ മറുപടി ഇങ്ങനെയായിരുന്നു-തനിക്കും കല്പനതന്നും അവിടേയ്ക്കു വിട്ടതു് ഞാനാണ്. താൻ ചെന്ന ശേഷം എല്ലാം തന്റെ വീട്ടിലേയ്ക്കു മതി ബാക്കി ആരെയും വിടരുത് എന്നു പറയുന്നതിൽ എന്തു ന്യായം. സഭയുടെ കാര്യങ്ങളും നടക്കണമല്ലോ– പള്ളിവികാരിയായി കഴിഞ്ഞ് ജനങ്ങളുടെ പ്രീതി പിടിച്ചുപറ്റാൻ സഭയ്ക്കുള്ള പിരിവുകൾ നിരോധിക്കുന്ന ചില വൈദികരെ പരാമർശിച്ചുകൊണ്ട് പരിശുദ്ധ ബാവാ തിരുമനസുകൊണ്ട് കോട്ടയം പഴയസെമിനാരിയിൽ ഏപ്രിൽ 14-ന് ചേന്ന സഭാ മാനേജിംഗ് കമ്മററിയിൽ വെളിപ്പെടുത്തിയതാണ് ഇക്കാര്യം.

വൈദികർ തങ്ങളെ ഏല്പിച്ചിരിക്കുന്ന ഇടവകയുമായി ചേർന്ന് സഭയുടെ സമഗ്രവികസനത്തിന് പണം കണ്ടെത്താൻ ബാധ്യസ്ഥരാണെന്നും പ: ബാവാ ഓർമ്മിപ്പിച്ചു.

MALANKARA ORTHODOX HERALD
DEVALOKOM P. O, KOTTAYAM-686 038

Requires

**FIELD OFFICERS**

to work at Niranam, Chenganoor Thumpamon, Quilon & Trivandrum Diocese

They will mainly be responsible for promoting the sale of the weekly and for booking advertisement space in a target oriented manner.

Energetic Pre-degree passed young-esters below 25 years may please apply.

Good prospects for the right type of persons to earn a decent salary.

Apply within 10 days giving detailed bio-data to the Manager.

## ബസ്ക്യാമ്മ അസോസ്യേഷൻ വാർഷികം പരുമലയിൽ മെയ് 12ന്

സ്റ്റാഫ് എഡിറ്റർ

പരുമല: അഖില മലങ്കര ബസ്ക്യാമ്മ അസോസ്യേഷന്റെ വാർഷികം മെയ് 12, 13 തീയതികളിൽ പരുമല ധ്യാനമന്ദിരത്തിൽവച്ചു നടത്തുന്നതാണ്. 12-ന് മൂന്നു മണിക്കാരംഭിക്കുന്ന വാർഷികത്തിൽ ചർച്ചാക്ലാസ്സുകൾ, വേദപഠന ക്ലാസ്സുകൾ ധ്യാനം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. മെത്രാപ്പോലീത്താമാർ, വൈദികർ, കന്യാസ്ത്രീകൾ പ്രഗത്ഭരായ ഡോക്ടർമാർ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകുന്നതാണ്.

## ഫാ. തോമസ് യോഹന്നാന് യാത്രയയപ്പ് നൽകി

യു. എ. ഇ. ഓർത്തഡോക്സ് സൺഡേസ്കൂൾ അസോസിയേഷന്റെ കൺവീനറായി കഴിഞ്ഞ മൂന്നുവർഷക്കാലം സേവനം അനുഷ്ഠിച്ച് ദൽഹിക്ക് സ്ഥലംമാറി പോകുന്ന ഫാ. തോമസ് യോഹന്നാന് അസോസിയേഷന്റെ വകയായി ഒരു യാത്രയയപ്പ് നൽകി. മാർച്ച് 31 വെള്ളിയാഴ്ച നാലിന് ഫാ. എ. എം. പൗലോസിന്റെ അദ്ധ്യക്ഷതയിൽ ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽവച്ച് കൂടിയ സമ്മേളനത്തിൽ രാജൻ കെ. മാത്യു, പി. വി. കോശി, പി. പി. ഉമ്മൻ, കോശി കുര്യൻ എന്നിവർ പ്രസംഗിച്ചു.

ഹെറാൾഡ് ഫീച്ചർ — ജോൺ കക്കാട്ട്

# പഴഞ്ഞിപ്പള്ളിയും ആചാരങ്ങളും

**നൂററാണ്ടുകൾ പഴക്കമുള്ള പഴഞ്ഞി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി, വളരെ രസകരവും അതേ സമയം വിശ്വാസതീക്ഷ്ണത പ്രകടമാകുന്നതുമായ ഒട്ടേറെ ആചാരവിശേഷങ്ങൾക്ക് വിളനിലമാണ്. അവയിലേയ്ക്കൊരു എത്തിനോട്ടം നടത്തുകയാണിവിടെ.**

കേരളത്തിലെ ക്രൈസ്തവ സംസ്കാരത്തിന് കലർപ്പററ ഒരു മാതൃക ഇതാ-പഴഞ്ഞി.

നൂററാണ്ടുകളായി നിലനിന്നു പോരുന്ന ആചാരാനുഷ്ഠാനങ്ങളെ മുറുകെപ്പിടിച്ചുകൊണ്ട്, വിശ്വാസതീക്ഷ്ണതയോടൊപ്പം അതിനെ ഉറപ്പിച്ചു നിറുത്തി ക്രൈസ്തവസംസ്കാരതന്മയെ കൈമുതലായി സൂക്ഷിക്കുന്നു, പഴഞ്ഞിക്കാർ.

ദൈനംദിന ജീവിതത്തിന്റെ സിരാകേന്ദ്രമാണവർക്ക് പള്ളി. ഇന്നും പഴമയുടെ പ്രതീകമായി, നൂററാണ്ടുകൾക്കപ്പുറം നീളുന്ന സംസ്കാരത്തിന്റെ കഥകളുമായി പഴഞ്ഞി സെന്റ് മേരീസ് പള്ളി നിലകൊള്ളുന്നു.

സംസ്കാരസങ്കലനങ്ങളുടെ ഫലമായി നിമിഷംപ്രതി മാററങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുന്ന കേരളത്തിലെ ക്രൈസ്തവസമൂഹത്തിന് പഴഞ്ഞിപ്പള്ളിയും അവിടുത്തെ ഇടവകജനങ്ങളും ഒരത്ഭുതമായിരിക്കും, കാരണം കാലത്തിന്റെ അനിവാര്യമായ മാററത്തിന്റെ പ്രലോഭനങ്ങളെ അതിജീവിച്ച് തനിമയുടെ വക്താക്കളായി പഴഞ്ഞിക്കാർ നിലകൊള്ളുന്നു.

രസകരങ്ങളായ ഒരു പററം ആചാരാനുഷ്ഠാനങ്ങൾ ഇന്നും അനർഗളമായി നിലനിന്നു പോരുന്നു.

പഴഞ്ഞിപ്പള്ളിയുടെ വടക്കേ വാതിലിന് വളരെ പ്രാധാന്യം കൽപ്പിക്കുന്നു. ഏതു കാര്യങ്ങൾക്കായാലും വടക്കേ വാതിലിൽകൂടിയാണ് പള്ളിയിൽ പ്രവേശിക്കാറ്. വിവാഹത്തിന് വധൂവരൻമാരുടെ പ്രവേശം, മൃതദേഹം പള്ളിയിലേയ്ക്ക് കൊണ്ടുവരിക തുടങ്ങിയവയെല്ലാം വടക്കേ വാതിൽക്കലൂടെയാണ്.

ഞായറാഴ്ചകളിൽ വി. കുർബാന തുടങ്ങും മുമ്പ് ശുശ്രൂഷകൻ അങ്ങാടി തോറും മണി കിലുക്കിക്കൊണ്ടു നടക്കണം. പള്ളിയിൽ മൂന്നാം മണിയടിക്കുമ്പോൾ ശുശ്രൂഷകൻ മണിയുമായി പള്ളിമുററത്തെത്തിച്ചേർന്നിരിക്കും.

ഈ ആചാരം പ. പരുമല തിരുമേനി പള്ളിയിൽ എഴുന്നള്ളി താമസിച്ച കാലത്താരംഭിച്ചതാണ്. ഓരോ ദിവസവും വി. കുർബാനയുണ്ട് എന്ന് ജനങ്ങളെ അറിയിക്കുവാൻ വേണ്ടി ചെയ്ത സംവിധാനമായിരുന്നു അതു്.

പഴഞ്ഞിപ്പള്ളിയിലെ പെരുന്നാൾ ആഘോഷങ്ങൾക്കും അതിന്റേതായ തനിമയുണ്ട്. പള്ളി പരിസരങ്ങളിലായി ചിതറിക്കിടക്കുന്ന 32 അങ്ങാടി (തെരുവുകൾ)ക്കാർക്കും പെരുന്നാളിന് അവരവരുടേതായ പങ്കു വഹിക്കാനുണ്ടാവും.

(ശേഷം 3-ാം പേജിൽ)

## സെൻറ്: തോമസ് സുവിശേഷസംഘം ഡിസ്ട്രിക്റ്റ് സമ്മേളനം

തിരുവല്ല: നിരണം ഭദ്രാസന സെൻറ് തോമസ് സുവിശേഷസംഘം കവിയൂർ ഡിസ്ട്രിക്റ്റ് സമ്മേളനം കവിയൂർ സ്ലീബാ പള്ളിയിൽ മാർച്ച് മൂന്നു മുതൽ അഞ്ചുവരെ തീയതികളിൽ നടത്തി. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ സമ്മേളനത്തിന് നേതൃത്വം നല്കി. സമാപനദിവസം ഉച്ചയ്ക്കുശേഷം ഡിസ്ട്രിക്റ്റിലെ എല്ലാ വൈദികരുടേയും, ട്രസ്റ്റി, സെക്രട്ടറി എന്നിവരുടേയും സംയുക്തസമ്മേളനം തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടത്തി. ഫാ. അലക്സാണ്ടർ കോടിയാട്ട്; ഫാ. സഖറിയാ കളപ്പുരയ്ക്കൽ; ബിജു ഉമ്മൻ മുരിങ്ങശ്ശേരിൽ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചു.

## വാർഷികം...

(1-ാം പേജിൽനിന്നും തുടർച്ച)

മെത്രാപ്പോലീത്താ അദ്ധ്യക്ഷനായിരുന്നു. പ്രൊഫ. ടൈററസ് വർക്കി, ബേബി അലക്സ്; സി. യു. മാത്യു; ജോൺ മാത്യൂസ്; ഐസക്ക് അറയ്ക്കൽ; എന്നിവർ പ്രസംഗിച്ചു. ഇക്കൊല്ലം സർവ്വീസിൽനിന്നു വിരമിക്കുന്ന. കെ. സി. ചാക്കോ; ററി. ഇ. മാത്യു; പി. ഇ. ജോസഫ്; എൻ. വി. തോമസ്; കെ. എം. ഏലിയാമ്മ; കെ. യു. അന്നമ്മ എന്നീ അദ്ധ്യാപകരുടെ സേവനങ്ങളെ അദ്ധ്യക്ഷൻ പ്രത്യേകം പ്രശംസിച്ചു.

## ചടങ്ങുകളേറെ പക്ഷെ...

പെരുന്നാൾ ആഘോഷങ്ങൾക്കുപുറമെ വിവാഹം, മരണം എന്നിവയുടെ ചടങ്ങുകൾക്കും ഒരു സവിശേഷത പഴഞ്ഞിയിൽ കണ്ടെത്താൻ സാധിക്കും.

വിവാഹത്തിൻെറ തലേന്നു് സദ്യയും നമസ്ക്കാരവും കഴിഞ്ഞു് 'കുളിച്ചുകയറിക്കൊണ്ടു വരുക' എന്നൊരു ചടങ്ങു നടത്താറുണ്ടു്. തുടർന്നു ബന്ധുക്കൾ സമ്മാനം നൽകുന്നു. ഓരോരുത്തരും നൽകുന്ന സമ്മാനങ്ങളുടെ ലിസ്റ്റ് എഴുതിവയ്ക്കും. വിവാഹത്തിനുശേഷം മധുരംവയ്ക്കുന്ന സമയത്തു് കുരവയിടുന്ന പതിവുണ്ടു്.

വിവാഹത്തിനു് പള്ളിയിലേയ്ക്കു പോകുമ്പോഴും കുരവയിട്ടുകൊണ്ടാണു് പോകുക.

വിവാഹശേഷം വധൂവരൻമാർ എത്തിയാലുടൻ 'നീലാർകുഴലീ...' എന്നു തുടങ്ങുന്ന പ്രസിദ്ധമായ പാട്ടു പാടും.

വിവാഹത്തിൻെറ നാലാം ദിവസം 'മറുപടി കുമ്പിടുന്നു.' അതായതു് മററു പള്ളികളിൽ പോകുക എന്നതാണു്. അതുനിവർത്തിക്കുവാൻ വേണ്ടി വിവാഹം കഴിക്കുവാൻവന്ന വാതിലിൽക്കൂടി കയറാതെ വേറൊരു വാതിലിൽക്കൂടി പള്ളിയിൽ പ്രവേശിക്കുന്നു. പിന്നീടു് വീട്ടിലേയ്ക്കു മടങ്ങുന്ന വധൂവരന്മാർ രണ്ടു വഴികളിലൂടെ പിരിഞ്ഞശേഷം ഒന്നിച്ചുചേരുന്നു. ഇങ്ങനെ ചെയ്യുന്നവർ ജീവിതത്തിലൊരിക്കലും പിരിയുകയില്ല എന്നൊരു വിശ്വാസം ആളുകളുടെ ഇടയിൽ നിലനിൽക്കുന്നു.

പിന്നീടു് ഏതെങ്കിലും ഒരു ബന്ധുഭവനത്തിൽ പോയി ഭക്ഷണം കഴിച്ചശേഷം വീട്ടിലെത്തുന്നു.

നവദമ്പതികളെ വിരുന്നുണ്ണാൻ ക്ഷണിക്കുന്നതിനു് 'മധുരത്തിനു് ക്ഷണിക്കുക' എന്നാണു പറയുക.

ഒരു വീട്ടിൽ ആരെങ്കിലും മരിച്ചുകഴിഞ്ഞാൽ അയൽക്കാരെ ക്ഷണിക്കണം. അല്ലെങ്കിൽ അവരാരും ശവസംസ്ക്കാരച്ചടങ്ങുകൾക്കുണ്ടാവില്ല. ശവസംസ്ക്കാരത്തിനുശേഷം ശുശ്രൂഷകൾ നടത്തിയ പുരോഹിതന്മാർ മരിച്ചയാളിൻെറ വീട്ടിൽചെന്നു് മൃതശരീരം വച്ചിരുന്നിടത്തിരുന്നു് ഭക്ഷണം കഴിക്കണം.

'പതിനൊന്നുവീടുക' എന്നൊരു ചടങ്ങു് നിലവിലുണ്ടു്. പ്രസ്തുത പതിനൊന്നുവീടലിനുശേഷമേ മരിച്ചയാളുടെ വീട്ടുകാർക്കെല്ലാം വീടിനു പുറത്തിറങ്ങാനാവൂ.

ഇങ്ങനെ ആചാരവിശേഷങ്ങളെല്ലാം തനിമയോടെ നിലനിർത്തിക്കൊണ്ടു പോകുന്നുണ്ടെങ്കിലും ചില ദൂഷ്പ്രവണതകൾ കാണാറുണ്ടു്. സാധാരണയായി ഞായറാഴ്ച ദിവസങ്ങളിലൊഴികെ ഇടദിവസങ്ങളിലെ കുബ്ബാനകൾക്കു് ആളുകളുണ്ടാവില്ല വി. കുർബ്ബാന അർപ്പിക്കുന്ന പുരോഹിതനും ശുശ്രൂഷക്കാരനും മാത്രമേ ഉണ്ടാവൂ ഒരാൾക്കു കുർബാന നടത്തണമെങ്കിൽ പള്ളിഓഫീസിൽ 2 രൂപ അടച്ചാൽ മതി, ആ ആഴ്ചയിലെ ചാർജ്ജുള്ള അച്ചൻ കുർബ്ബാന ചൊല്ലിയിരിക്കണം. കുർബ്ബാനയ്ക്കു് പേരുകൊടുക്കുന്നതല്ലാതെ, ആ കുർബ്ബാനയിൽ സംബന്ധിക്കാൻ ആരും സമയം കണ്ടെത്താറില്ല

## പാലിയേക്കര പള്ളിപ്പെരുന്നാൾ

തിരുവല്ല: പാലിയേക്കര സെൻറ് ജോർജ് പള്ളിയിൽ വി. ഗീവറുഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ മെയ് 4, 5, 6, 7, 8 തീയതികളിൽ ആഘോഷിക്കുന്നു.

ഏപ്രിൽ 30 ഞായറാഴ്ച വി. കുർബ്ബാനയ്ക്കുശേഷം വികാരി ഫാ. കെ. വി. ജോൺ കൊടിയേററുന്നതോടെ പെരുന്നാൾ ചടങ്ങുകൾക്ക് ആരംഭം കുറിക്കും. 4, 5, 6, 7 എന്നീ ദിവസങ്ങളിൽ വി. കുർബ്ബാനയും, വൈകുന്നേരം സന്ധ്യാനമസ്കാരത്തെത്തുടർന്നു റാസയും ഉണ്ടായിരിക്കും. ഒരോ ദിവസവും വിവിധ സ്ഥലങ്ങളിൽ നിന്നാണു് പള്ളിയിലേയ്ക്കു് റാസ പുറപ്പെടുന്നതു്.

8 തിങ്കളാഴ്ച രാവിലെ ഫാ. കെ. ജെ. കുര്യാക്കോസിൻെറ പ്രധാന കാർമ്മികത്വത്തിൽ വി. അഞ്ചിൻമേൽ കുർബ്ബാന അർപ്പിക്കും. വി. കുർബ്ബാനയെത്തുടർന്നു് നേർച്ച വിളമ്പും റാസയും ഉണ്ടായിരിക്കും.

പെരുന്നാളിനോടനുബന്ധിച്ച് വിവിധ കലാപരിപാടികൾ അവതരിപ്പിക്കുന്നതാണ്.

## എം. ജി. എം. കൺവെൻഷൻ സമാപിച്ചു.

മുളന്തുരുത്തി സെൻറ് തോമസ് കാതോലിക്കേററ് സെൻററിൽ മാർ ഗ്രീഗോറിയോസ് പ്രാർത്ഥനാസുവിശേഷസമാജത്തിൻെറ ആഭിമുഖ്യത്തിൽ മാർച്ച് 4,5,6 തീയതികളിൽ കൺവെൻഷൻ യോഗങ്ങൾ നടത്തി.

റവ: ഫാ: O. തോമസ് റവ: ഫാ: ജോബ് O.I.C. (ബഥനി) കുന്നംകുളം, ശ്രീ വി. ററി. ചാക്കോ മാസ്റ്റർ തുടങ്ങിയവർ പ്രസംഗിച്ചു. വികാരി ഫാ: കെ. ജെ കുര്യാക്കോസ് ആമുഖപ്രസംഗവും സഹവികാരി ഫാ: തോമസ് മ്യാലിൽ സമാപ്തിപ്രസംഗവും നടത്തി. എല്ലാ ദിവസവും സന്ധ്യാപ്രാർത്ഥന, എം. ജി, എം. ഓർക്കെസ്ട്രായുടെ സുവിശേഷഗാന ശുശ്രൂഷ, ആശീർവാദം തുടങ്ങിയവയും ഉണ്ടായിരുന്നു.

കൺവെൻഷൻ ഗീതങ്ങൾ അടങ്ങിയ പാട്ടുപുസ്തകത്തിൻെറ പ്രകാശനം മാർ തോമൻ പള്ളി 'മാനുഷ്യൻ' പോൾ ചാലിക്ക് ഒരു പ്രതി നൽകിക്കൊണ്ടു് ഫാ: കെ. ററി. ഏലിയാസ് നിർവ്വഹിച്ചു.

With Best Compliments from

THE
BE BE RUBBER ESTATES LTD.
Head Office: Punalur P. O., Phone No: 2608
Adm: Office, 7, Periaswamy Road, Coimbatore-2
Phone No: Off: 42812, Res: 42897

Producers of Best Variety
RUBBER

Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M O C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2 Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K. P. Jacob (Hon Chief) Editor Dr. Samuel Chandanappally, Associate Editor Fr. C. A. Issac, Office Address: Malankara Orthodox Herald Devalokam, Kottayam-686 038